KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.29/PR/PIC/PHQ/18 Date : 12.02.2018

---

## മുൻ ഡി.ജി.പി ജോസഫ് തോമസിനെ അനുസ്മരിച്ചു

ശനിയാഴ്ച അന്തരിച്ച മുൻ ഡി.ജി.പി. ജോസഫ് തോമസിന് ആദരാഞ്ജലികൾ അർപ്പിച്ച് പോലീസ് ആസ്ഥാനത്ത് അനുസ്മരണ യോഗം ചേർന്നു.

സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ അനുസ്മരണപ്രഭാഷണം നടത്തി. പ്രതിസന്ധികളിൽ തളരാതെ പ്രവർത്തിക്കുകയും അസാമാന്യ ആത്മവിശ്വാസത്തോടെ പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യുന്നതിൽ കഴിവു തെളിയിക്കുകയും ചെയ്ത ഉദ്യോഗസ്ഥനായിരുന്നു ജോസഫ് തോമസെന്ന് അദ്ദേഹം പറഞ്ഞു.

മുൻ ഡിജിപിമാരായ കെ. സുകുമാരൻ നായർ, രമൺ ശ്രീവാസ്തവ, ഡി.ജി.പി മാരായ ഋഷിരാജ് സിങ്, എ. ഹേമചന്ദ്രൻ, ഡോ.ബി. സന്ധ്യ, എസ്. ആനന്ദകൃഷ്ണൻ എന്നിവർ അന്തരിച്ച ഡി.ജി.പി.യെ അനുസ്മരിച്ച് സംസാരിച്ചു. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനും തന്റെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ കഴിവു കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും അവരോടൊപ്പം നിന്ന് പ്രവർത്തിക്കാനും മാതൃകാപരമായ പ്രവർത്തനങ്ങളാണ് അദ്ദേഹം കാഴ്ച്ചവച്ചതെന്ന് അനുസ്മരണ യോഗത്തിൽ പങ്കെടുത്തവർ പറഞ്ഞു.

ഐ. ജി. ദിനേന്ദ്ര കശ്യപ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

ചടങ്ങിൽ മുൻ ഡി.ജി.പി മാരായ രാജഗോപാൽ നാരായൺ, എം. എ. സത്താർകുഞ്ഞ്, കെ.പി. സോമരാജൻ, കെ.എസ്. ബാലസുബ്രഹ്മണ്യം, എ.ഡി.ജി.പി മാരായ സുധേഷ് കുമാർ, ഡോ. ബി. സന്ധ്യ, അനിൽകാന്ത്, ഷേയ്ക് ദർവേസ് സാഹിബ്, റ്റി.കെ വിനോദ് കുമാർ, ഐ.ജി. മാരായ മനോജ് എബ്രഹാം, പി.വിജയൻ, എച്ച് വെങ്കിടേഷ്, ഡി.ഐ.ജി. മാരായ സ്പർജൻ കുമാർ, ഷെഫീൻ അഹമ്മദ്, ഐ.ബി.റാണി, പി.പ്രകാശ്, മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

******